# വസിയ്യത്തുല്ലാഹ്

﴿ وصية الله ﴾

[ مليالم – Malayalam – മലയാളം ]


## സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

سيد سعفر صادق



islamhouse.com

1436 - 2014

بِسْمِ اللهِ الرَّحْمَنِ الرَّحِيم

അല്ലാഹു മനുഷ്യന് വേണ്ട മുഴുവൻ അനുഗ്രഹങ്ങളും ഈ ഭൂമിയിൽ സംവിധാനിച്ചിരിക്കുന്നു. അത് ഏതെല്ലാമാണെന്ന് നിർണ്ണയിക്കുവാൻ മനുഷ്യന് അസാധ്യം. മനുഷ്യകുലത്തിനാവശ്യമായ അനുഗ്രഹങ്ങൾ നൽകിയ അല്ലാഹു മനുഷ്യന് നന്മ ലഭിക്കുവാനായി ഒരു വസ്വിയ്യത്ത് നൽകിയിരിക്കുന്നു.ആദം നബി(ﷺ) മുതൽ അവസാന മനുഷ്യൻ വരെയുള്ള മുഴുവനാളുകൾക്കും അല്ലാഹു നൽകിയ ഒരു വസ്വിയ്യത്തുണ്ട്, അത് തഖ്‌വയാണ്. എന്താണ് തഖ്‌വയെന്നും, അതെങ്ങനെ ജീവിതത്തിൽ കരസ്ഥമാക്കാമെന്നും, അത് ലഭിച്ചാലുള്ള പ്രതിഫലമെന്താണെന്നും ഓരോ സത്യവിശ്വാസിയും മനസിലാക്കേണ്ടതുണ്ട്. മനുഷ്യജീവിതത്തിൽ ഒരിക്കലും ഒഴിച്ച് കൂടാൻ പറ്റാത്ത ഒരു അമൂല്യ നിധിയാണ് തഖ്‌വയെന്നത്. അത്കൊണ്ട് തന്നെ പ്രവാചകൻ(ﷺ) പ്രസംഗിക്കുമ്പോഴെല്ലാം തഖ്‌വകൊണ്ട് വസ്വിയ്യത്ത് ചെയ്യാറുണ്ടായിരുന്നു.

**തഖ്‌വ:**

ഇബ്നു അബ്ബാസ്(رضي الله عنه) പറയുന്നത് ശ്രദ്ധിക്കുക:

قال ابن عباس: المتقون: الذين يحذرون من الله وعقوبته)

**മുത്തഖീങ്ങൾ:** 'അല്ലാഹുവിനെയും, അവന്റെ ശിക്ഷയേയും ഭയപ്പെടുന്നവരാകുന്നു'.

ഇബ്നു മസ്ഊദ്(رضي الله عنه) പറയുന്നു:

وقال ابن مسعود: (أن يطاع فلا يُعصي، ويذكر فلا ينسى، وأن يُشكر فلا يكفر)

(തഖ്‌വ എന്നാൽ: അല്ലാഹു) ധിക്കരിക്കപ്പെടാതെ എന്നും അനുസരിക്കപ്പെടുക, വിസ്മരിക്കപ്പെടാതെ എന്നും ഓർമ്മിക്കപ്പെടുക, നന്ദികേട് കാട്ടപ്പെടാതെ നന്ദി ചെയ്യപ്പെടുക എന്നതാണ്)

وسئل أبوهريرة رضي الله عنه عن التقوى فقال: (هل أخذت طريقا ذا شوك؟ قال: نعم، قال: (فكيف صنعت؟ قال: إذا رأيت الشوك عزلت عنه أو جاوزته، أو قصرت عنه قال: (ذاك التقوى)

അബൂഹുറൈറ(رضي الله عنه)വിനോട് തഖ്‌വയെ സംബന്ധിച്ച് ചോദിച്ചപ്പോൾ അദ്ദേഹം പറയുകയുണ്ടായി: 'എപ്പോഴെങ്കിലും മുള്ളുകളുള്ള വഴിയിലൂടെ നീ യാത്ര ചെയ്തിട്ടുണ്ടോ? പറഞ്ഞു: അതെ, ചോദിച്ചു: അപ്പോൾ നീ എന്താണ് ചെയ്തത്? പറഞ്ഞു: ഞാൻ മുള്ള് കാണുകയാണെ

ങ്കിൽ അതിൽ നിന്ന് ഒഴിഞ്ഞ് മാറും, അതല്ലെങ്കിൽ അതിനെ എടുത്ത് ചാടും, അതല്ലെങ്കിൽ യാത്ര അവിടെ വെച്ച് അവസാനിപ്പിക്കും, പറഞ്ഞു: അതാണ് തഖ്‌വ'.

അതായത് അല്ലാഹുവിന്റെ നിയമങ്ങൾ അനുസരിച്ച് ജീവിക്കുകയും, അവന്റെ ശിക്ഷയെ ഭയപ്പെടുകയും, അതിൽ നിന്ന് രക്ഷ നേടുകയും ചെയ്യുക എന്നതാണ് തഖ്‌വ കൊണ്ട് ഉദ്ദേശിക്കുന്നത്.

**വസ്വിയ്യത്തുല്ലാഹ്:**

അല്ലാഹു മുഴുവൻ മനുഷ്യർക്കും നൽകുന്ന വസ്വിയ്യത്ത് ഖുർആൻ വിശദീകരിക്കുന്നത് ശ്രദ്ധിക്കൂ:

وَلِلَّهِ مَا فِي السَّمَوَاتِ وَمَا فِي الْأَرْضِ وَلَقَدْ وَصَّيْنَا الَّذِينَ أُوتُوا الْكِتَابَ مِنْ قَبْلِكُمْ وَإِيَّاكُمْ أَنْ اتَّقُوا اللَّهَ وَإِنْ تَكْفُرُوا فَإِنَّ لِلَّهِ مَا فِي السَّمَوَاتِ وَمَا فِي الْأَرْضِ وَكَانَ اللَّهُ غَنِيًّا حَمِيدًا) (النساء: 131 )

'ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതുമെല്ലാം അല്ലാഹുവിന്റേതാകുന്നു. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക എന്ന് നിങ്ങൾക്ക് മുമ്പ് വേദം നൽകപ്പെട്ടവരോടും,നിങ്ങളോടും നാം വസ്വിയ്യത്ത് ചെയ്തിരിക്കുന്നു. നിങ്ങൾ അവിശ്വസിക്കുന്ന പക്ഷം (അല്ലാഹുവിന് ഒരു നഷ്ടവുമില്ല. കാരണം) ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അല്ലാഹുവിന്റേതാകുന്നു.അല്ലാഹു പരാശ്രയമുക്തനും സ്തുത്യർഹനുമാകുന്നു.' (നിസാഅ്: 131)

**തഖ്‌വയുള്ളവരാകുക:**

വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോൾ ഈ വസ്വിയ്യത്ത് വ്യത്യസ്ഥ സന്ദർഭങ്ങളിൽ, വൈവിധ്യമാർന്ന രൂപങ്ങളിൽ കാണുവാൻ സാധിക്കുന്നു, നിങ്ങൾ തഖ്‌വയുള്ളവരാകണം, എങ്കിൽ മാത്രമെ നിങ്ങൾക്ക് ഇഹലോകത്തും, പരലോകത്തും രക്ഷ ലഭിക്കുകയുള്ളൂവെന്ന് ഖുർആൻ പല സന്ദർഭങ്ങളിലായി ഉണർത്തുന്നത് ശ്രദ്ധിക്കുക: അല്ലാഹു പറയുന്നു:

(يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ) (آل عمران: 102)

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്‌ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്' (ആലുഇംറാൻ: 102).

(وَاتَّقُوا اللَّهَ الَّذِي إِلَيْهِ تُحْشَرُونَ) (المجادلة:9)

'ഏതൊരു അല്ലാഹുവിങ്കലേക്ക് നിങ്ങൾ ഒരുമിച്ചുകൂട്ടപ്പെടുമോ അവനെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക' (മുജാദില: 9).

(يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَلْتَنْظُرْ نَفْسٌ مَا قَدَّمَتْ لِغَدٍ وَاتَّقُوا اللَّهَ إِنَّ اللَّهَ خَبِيرٌ بِمَا تَعْمَلُونَ)
(الحشر: 18)

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. ഓരോ വ്യക്തിയും താൻ നാളെക്ക് വേണ്ടി എന്തൊരു മുന്നൊരുക്കമാണ് ചെയ്തു വെച്ചിട്ടുള്ളതെന്ന് നോക്കിക്കൊള്ളട്ടെ. നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. തീർച്ചയായും അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നതിനെ പറ്റി സൂക്ഷ്മജ്ഞാനമുള്ളവനാകുന്നു' (ഹശ്ർ: 18).

(يَاأَيُّهَا النَّاسُ اتَّقُوا رَبَّكُمْ إِنَّ زَلْزَلَةَ السَّاعَةِ شَيْءٌ عَظِيمٌ(1)يَوْمَ تَرَوْنَهَا تَذْهَلُ كُلُّ مُرْضِعَةٍ عَمَّا أَرْضَعَتْ وَتَضَعُ كُلُّ ذَاتِ حَمْلٍ حَمْلَهَا وَتَرَى النَّاسَ سُكَارَى وَمَا هُمْ بِسُكَارَى وَلَكِنَّ عَذَابَ اللَّهِ شَدِيدٌ)
(الحج:1-2)

'മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക, തീർച്ചയായും ആ അന്ത്യസമയത്തെ പ്രകമ്പനം ഭയങ്കരമായ ഒരു കാര്യം തന്നെയാകുന്നു. നിങ്ങൾ അത് കാണുന്ന ദിവസം ഏതൊരു മുലകൊടുക്കുന്ന മാതാവും താൻ മുലയൂട്ടുന്ന കുഞ്ഞിനെപ്പറ്റി അശ്രദ്ധയിലായിപ്പോകും. ഗർഭവതിയായ ഏതൊരു സ്ത്രീയും തന്റെ ഗർഭത്തിലുള്ളത് പ്രസവിച്ചു പോകുകയും ചെയ്യും. ജനങ്ങളെ മത്തു പിടിച്ചവരായി നിനക്ക് കാണുകയും ചെയ്യാം. (യഥാർത്ഥത്തിൽ) അവർ ലഹരി ബാധിച്ചവരല്ല. പക്ഷെ, അല്ലാഹുവിന്റെ ശിക്ഷ കഠിനമാകുന്നു' (ഹജ്ജ്: 1,2).

ജനങ്ങളെ, സത്യവിശ്വാസികളെ നിങ്ങൾ തഖ്‌വയുള്ളവരായി ജീവിക്കണമെന്ന് അല്ലാഹു വിശുദ്ധ ഖുർആനിൽ വ്യത്യസ്ഥ രൂപങ്ങളിൽ പറഞ്ഞ ഏതാനും വചനങ്ങളാണ് നിങ്ങൾ വായിച്ചത്, ഇനിയും ധാരാളം വചനങ്ങൾ നമുക്ക് കാണാനാവും. ഇതെല്ലാം തന്നെ സൂചിപ്പിക്കുന്നതും, വ്യക്തമാക്കുന്നതും അല്ലാഹു ജനങ്ങൾക്ക് നൽകിയ വസ്വിയ്യത്തിന് വളരെയധികം പ്രാധാന്യമുണ്ടെന്നതാണ്.

**പ്രവാചകനും തഖ്‌വ കൊണ്ട് വസ്വിയ്യത്ത് നൽകുന്നു:**

ലോകത്തിനാകമാനും അനുഗ്രഹമായി നിയോഗിതനായ, ജീവിതത്തിൽ എങ്ങിനെയാണ് തഖ്‌വ കൈകൊള്ളേണ്ടതെന്ന് ജനങ്ങൾക്ക് കാണിച്ച് കൊടുക്കുവാനായി നിയോഗിതനായ പ്രവാചകൻ(ﷺ)ക്കും നൽകുവാനുള്ള വസ്വിയ്യത്തും തഖ്‌വ തന്നെയാകുന്നു. ഏതാനും പ്രവാചക വചനങ്ങൾ ശ്രദ്ധിക്കുക:

عن سُلَيمُ بْنُ عَامِرٍ قَال سَمِعْتُ أَبَا أُمَامَةَ يَقُولُ سَمِعْتَ رَسُولَ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ يَخْطُبُ فِي حَجَّةِ الْوَدَاعِ فَقَالَ اتَّقُوا اللهَ رَبَّكُمْ وَصَلُّوا خَمْسَكُمْ وَصُومُوا شَهْرَكُمْ وَأَدُّوا زَكَاةَ أَمْوَالِكُمْ وَأَطِيعُوا ذَا أَمْرِكُمْ تَدْخُلُوا جَنَّةَ رَبِّكُمْ قَالَ أَبمو عِيسَى هَذَا حَدِيثٌ حَسَنٌ صَحِيحٌ)

സുലൈം ബ്നു ആമിർ പറഞ്ഞു: അബൂഉമാമ പറയുന്നതായി ഞാൻ കേട്ടിരിക്കുന്നു:റസൂലുല്ലാഹ്(ﷺ) ഹജ്ജത്തുൽ വിദാഇൽ പ്രസംഗിക്കുമ്പോൾ ഇങ്ങനെ പറയുന്നതായി ഞാൻ കേൾക്കുകയുണ്ടായി: 'നിങ്ങൾ നിങ്ങളുടെ റബ്ബിനെ സൂക്ഷിക്കുക, നിങ്ങൾ അഞ്ച്നേരം നമസ്കരിക്കുക, നിങ്ങൾ ഒരു മാസം നോമ്പനുഷ്ഠിക്കുക, നിങ്ങളുടെ ധനത്തിന് നിങ്ങൾ സകാത്ത് നൽകുകയും ചെയ്യുക, നിങ്ങളുടെ കൈകാര്യകർത്താക്കളെ നിങ്ങൾ അനുസരിക്കുകയും ചെയ്യുക എങ്കിൽ നിങ്ങൾക്ക് നിങ്ങളുടെ റബ്ബിന്റെ സ്വർഗത്തിൽ പ്രവേശിക്കുവാൻ സാധിക്കുന്നതാണ്' (തിർമിദി)

( عَنْ مُعَاذٍ أَنَّهُ قَالَ يَا رَسُولَ اللهِ أَوْصِنِي قَالَ اتَّقِ اللهَ حَيْثُمَا كُنْتَ أَوْ أَيْنَمَا كُنْتَ قَالَ زِدْنِي قَالَ أَتْبِعِ السَّيِّئَةَ الْحَسَنَةَ تَمْحُهَا قَالَ زِدْنِي قَالَ خَالِقِ النَّاسَ بِخُلُقٍ حَسَنٍ ) (أحمد)

മുആദ്(رضي الله عنه)വിൽ നിന്നും നിവേദനം: അദ്ദേഹം പ്രവാചകനോട് ചോദിച്ചു: പ്രവാചകരെ, നിങ്ങൾ എനിക്ക് വസിയ്യത്ത് നൽകിയാലും, പറഞ്ഞു:'നീ എവിടെയായിരുന്നാലും, എങ്ങിനെയായിരുന്നാലും അല്ലാഹുവിനെ സൂക്ഷിക്കുക, പറഞ്ഞു: എനിക്ക് അധികരിപ്പിച്ച് തന്നാലും; പറഞ്ഞു: 'തിന്മയെ തുടർന്ന് അതിനെ മായ്ച്ച് കളയുന്ന നന്മ പ്രവർത്തിക്കുക, ഞാൻ വീണ്ടും പറഞ്ഞു: എനിക്ക് അധികരിപ്പിച്ച് തന്നാലും: പറഞ്ഞു: ജനങ്ങളോട് നല്ല സ്വഭാവത്തോടെ പെരുമാറുക' (അഹ്മദ്)

ഒരു ഹദീസ് കൂടി ശ്രദ്ധിക്കുക:

فَقَالَ الْعِرْبَاضُ صَلَّى بِنَا رَسُولُ اللهِ صَلَّى اللهُ عَلَيْهِ وَسَلَّمَ ذَاتَ يَوْمٍ ثُمَّ أَقْبَلَ عَلَيْنَا فَوَعَظَنَا مَوْعِظَةً بَلِيغَةً ذَرَفَتْ مِنْهَا الْعُيُونُ وَوَجِلَتْ مِنْهَا الْقُلُوبُ فَقَالَ قَائِلٌ يَا رَسُولَ اللهِ كَأَنَّ هَذِهِ مَوْعِظَةُ مُوَدِّعٍ فَمَاذَا تَعْهَدُ إِلَيْنَا فَقَالَ أُوصِيكُمْ بِتَقْوَى اللهِ وَالسَّمْعِ وَالطَّاعَةِ وَإِنْ عَبْدًا حَبَشِيًّا فَإِنَّهُ مَنْ يَعِشْ مِنْكُمْ بَعْدِي فَسَيَرَى اخْتِلَافًا كَثِيرًا فَعَلَيْكُمْ بِسُنَّتِي وَسُنَّةِ الْخُلَفَاءِ الْمَهْدِيِّينَ الرَّاشِدِينَ تَمَسَّكُوا بِهَا وَعَضُّوا عَلَيْهَا بِالنَّوَاجِذِ وَإِيَّاكُمْ وَمُحْدَثَاتِ الْأُمُورِ فَإِنَّ كُلَّ مُحْدَثَةٍ بِدْعَةٌ وَكُلَّ بِدْعَةٍ ضَلَالَةٌ ) (أبوداد)

ഇർബാളിൽ നിന്നും നിവേദനം: ഒരു ദിവസം റസൂലുല്ലാഹ്(ﷺ) ഞങ്ങളെയും കൊണ്ട് നമസ്കരിക്കുകയുണ്ടായി, ശേഷം ഞങ്ങളെ അഭിമുഖീകരിച്ച് കൊണ്ട് പ്രസംഗിക്കുകയുണ്ടായി, അത് ഹൃദയസ്പൃക്കായ സാരോപദേശമായിരുന്നു, അത് കേട്ടിട്ട് കണ്ണുകൾ കണ്ണുനീർ പൊഴിക്കുകയും, ഹൃദയങ്ങൾ വിറകൊള്ളുകയും ചെയ്തു. അപ്പോൾ ഒരാൾ പറയുകയുണ്ടായി: പ്രവാചകരെ, ഇത് ഒരാളുടെ വിടവാങ്ങൽ പ്രസംഗം പോലെയുണ്ടല്ലോ, എന്താണ് താങ്കൾ ഞങ്ങളോട് കരാർ ചെയ്യുന്നത്? അപ്പോൾ പറഞ്ഞു: ഞാൻ നിങ്ങളെ അല്ലാഹുവിനുള്ള തഖ്‌വ കൊണ്ട് ഉപദേശിക്കുന്നു, അബ്സീനിയ്യക്കാരാനായ ഒരു അടിമയാണ് നിങ്ങളുടെ നേതാവെങ്കിലും നിങ്ങൾ അവനെ അനുസരിക്കുക, ആരെങ്കിലും എനിക്ക് ശേഷം ജീവിക്കുകയാണെങ്കിൽ അവന് ധാരാളം ഭിന്നതകൾ കാണാൻ സാധിക്കുന്നതാണ്,ആ സന്ദർഭത്തിൽ നിങ്ങൾ എന്റെ സുന്നത്തും,സൗഭാഗ്യവാൻമാരും, സന്മാർഗികളുമായ ഖുലഫാ ഉർറാശിദുകളുടെ സുന്നത്തും മുറുകെ പിടിക്കുക, നിങ്ങളവ രണ്ടും മുറുകെ പിടിക്കുകയും, അണപ്പല്ലുകൾ കൊണ്ട് കടിച്ച് പിടിക്കുകയും ചെയ്യുക.കാര്യങ്ങളിൽ ഉണ്ടാക്കുന്ന പുത്തനാചാരങ്ങളെ നിങ്ങൾ കരുതിയിരിക്കുക, കാരണം എല്ലാ പുത്തനാചാരങ്ങളും ബിദ്അത്തുകളാണ്, എല്ലാബിദ്അത്തുകളും വഴികേടുമാകുന്നു'(അബൂദാവൂദ്)

**സലഫുസ്വാലിഹീങ്ങളുടെ വസ്വിയ്യത്ത്:**

വിശുദ്ധഖുർആനും തിരുസുന്നത്തും ജീവിത മാർഗരേഖയായി ജീവിക്കുകയും, സൗഭാഗ്യം ലഭിക്കുകയും ചെയ്ത സലഫുസ്വാലിഹീങ്ങൾക്കും നൽകുവാനുള്ള വസ്വിയ്യത്തും ഈ തഖ്‌വ തന്നെയാണെന്ന് നമുക്ക് ഗ്രന്ഥങ്ങളിൽ കാണുവാൻ സാധിക്കുന്നതാണ്. അബൂബക്കർ(رضي الله عنه)വിന്റെ ചരിത്രത്തിൽ നമുക്ക് ഇങ്ങനെ കാണുവാൻ സാധിക്കുന്നതാണ്:

عن عبد الله بن عكيم قال : خطبنا أبو بكر فقال : أما بعد فإني أوصيكم بتقوى الله ... ) (ابن أبي شيبة)

അബ്ദുല്ലാഇബ്നു അകീം പറയുന്നു: അബൂബക്കർ പ്രസംഗിച്ച് കൊണ്ട് ഇങ്ങനെ പറയുകയുണ്ടായി: ശേഷം,ഞാൻ നിങ്ങളെ അല്ലാഹുവിന് വേണ്ടി തഖ്‌വയുള്ളവരായി ജീവിക്കണമെന്ന് വസ്വിയ്യത്ത് ചെയ്യുകയാണ്, ... (ഇബ്നു അബീശൈബ)

ഉമറുബ്നുൽ ഖത്വാബ് വസ്വിയ്യത്ത് ചെയ്യുന്നത് കാണുക:

عمربن الخطاب رضي الله عنه: كتب الى ابنه عبد الله، فقال: (أما بعد: فإني أوصيك بتقوى الله عز وجل، فإن من اتقاه وقاه، ومن أقرضه جزاه، ومن شكره زاده، واجعل التقوى نصب عينيك وجلاء قلبك) (تاريخ دمشق: **44/356**).

ഉമറുബ്നുൽ ഖത്വാബ്(ﷺ) തന്റെ മകനായ അബ്ദുല്ലാഹ്(ﷺ)വിന് കത്തെഴുതുകയാണ്, 'ശേഷം, ഉന്നതനും, പ്രതാപവാനുമായ അല്ലാഹുവിനെ സൂക്ഷിക്കണമെന്ന് ഞാൻ നിന്നെ ഉപദേശിക്കുന്നു, കാരണം ആരെങ്കിലും അവനെ സൂക്ഷിച്ചാൽ അല്ലാഹു അവനെ സംരക്ഷിക്കുന്നതാണ്, ആരെങ്കിലും അവന് കടം കൊടുത്താൽ അതിനവൻ പ്രതിഫലം നൽകുന്നതാണ്, ആരെങ്കിലും അവന് നന്ദി ചെയ്താൽ അവൻ വർദ്ധിപ്പിച്ച് നൽകുന്നതാണ്, തഖ്‌വയെ നീ നിന്റെ കണ്ണിന്റെ വഴികാട്ടിയും, ഹൃദയത്തിന്റെ പ്രകാശവുമായി സ്വീകരിക്കുക'.

ഉമറുബ്നു അബ്ദുൽ അസീസ് എഴുതുന്നു:

وكتب عمر بن عبد العزيز رحمه الله إلى رجل فقال: أوصيك بتقوى الله عزوجل التي لا يقبل غيرها، ولا يرحم إلا أهلها، ولا يثيب إلا عليها، فإن الواعظين بها كثير، والعاملين بها قليل، جعلنا الله وإياكم من المتقين) (تذكرة الحفاظ: **4/1402**)

ഉമറുബ്നു അബ്ദുൽ അസീസ്(ﷺ) ഒരു വ്യക്തിക്ക് ഇങ്ങനെ കത്തെഴുതുകയുണ്ടായി: 'ഉന്നതനും, പ്രതാപവാനുമായ അല്ലാഹുവിനെ നീ സൂക്ഷിക്കണമെന്ന് ഞാൻ നിന്നെ ഉപദേശിക്കുന്നു,കാരണം അല്ലാഹു തഖ്‌വയില്ലാത്ത ഒന്നും തന്നെ സ്വീകരിക്കുകയില്ല, തഖ്‌വയുള്ളവരോടല്ലാതെ കാരുണ്യം കാണിക്കുകയില്ല, തഖ്‌വയിലധിഷ്ഠിതമായ പ്രവർത്തനങ്ങൾക്കല്ലാതെ പ്രതിഫലം നൽകില്ല, അതിനെ സംബന്ധിച്ച് പ്രസംഗിക്കുന്നവർ ധാരാളമുണ്ട്, എന്നാൽ അത് കൊണ്ട് പ്രവർത്തിക്കുന്നവർ വളരെ കുറച്ചാകുന്നു, അല്ലാഹു നമ്മെയും, നിങ്ങളെയും തഖ്‌വയുള്ളവരുടെ കൂട്ടത്തിൽ ഉൾപ്പെടുത്തുമാറാവട്ടെ'.

**തഖ്‌വകൊണ്ടുള്ള ഫലങ്ങൾ:**

തഖ്‌വയുള്ളവരായി ജീവിക്കുകയാണെങ്കിൽ ഐഹിക ലോകത്തും, പാരത്രിക ലോകത്തും ഒരുപാട് നേട്ടങ്ങളും, പ്രതിഫലവും ലഭ്യമാകുമെന്ന് ഖുർആനും തിരുസുന്നത്തും നമ്മെ പഠിപ്പിക്കുന്നു. അതിൽ ഏതാനും കാര്യങ്ങൾ താഴെ സൂചിപ്പിക്കുന്നു:

1- പ്രശ്നങ്ങൾക്ക് പരിഹാരവും, പ്രയാസങ്ങളിൽ നിന്ന് രക്ഷയും:

(وَمَنْ يَتَّقِ اللَّهَ يَجْعَلْ لَهُ مِنْ أَمْرِهِ يُسْرًا) (الطلاق: 4)
'വല്ലവനും അല്ലാഹുവെ സൂക്ഷിക്കുന്ന പക്ഷം അവന്ന് അവന്റെ കാര്യത്തിൽ അല്ലാഹു എളുപ്പമുണ്ടാക്കി കൊടുക്കുന്നതാണ്' (ത്വലാഖ്:4)

മൂന്നാളുകൾ യാത്രപോയപ്പോൾ അവർ അകപ്പെട്ട പ്രയാസത്തിൽ നിന്ന് രക്ഷ ലഭിച്ചത് അവർ തഖ്‌വയോട് കൂടി പ്രവർത്തിച്ച സൽകർമ്മങ്ങൾ മുൻ നിർത്തി വസീലയാക്കി പ്രാർത്ഥിച്ചപ്പോൾ അല്ലാഹു അവർക്ക് രക്ഷ നൽകുകയുണ്ടായി. ഇമാം ബുഖാരി ഉദ്ധരിച്ച ഗുഹയിലകപ്പെട്ട മൂന്നാളുടെ ചരിത്രം അതാണ് നമ്മെ പഠിപ്പിക്കുന്നത്. അത് കൊണ്ട് തന്നെ തഖ്‌വയിലധിഷ്ഠിതമായ ജീവിതം കൊണ്ട് പ്രശ്നങ്ങൾ നേരിടേണ്ടി വരുമ്പോൾ അതിനുള്ള പരിഹാരവും, പ്രയാസങ്ങളിലും, ബുദ്ധിമുട്ടുകളിലും രക്ഷയും ലഭിക്കുന്നതാണ്.

2- ആകാശഭൂമികൾ അനുഗ്രഹം ചൊരിയും:

അല്ലാഹു പറയുന്നു:

(وَلَوْ أَنَّ أَهْلَ الْقُرَى آمَنُوا وَاتَّقَوْا لَفَتَحْنَا عَلَيْهِمْ بَرَكَاتٍ مِن السَّمَاءِ وَالْأَرْضِ وَلَكِنْ كَذَّبُوا فَأَخَذْنَاهُمْ بِمَا كَانُوا يَكْسِبُونَ) (الأعراف: 96)
'ആ നാടുകളിലുള്ളവർ വിശ്വസിക്കുകയും, സൂക്ഷ്മത പാലിക്കുകയും ചെയ്തിരുന്നെങ്കിൽ ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നാം അവർക്കു അനുഗ്രഹങ്ങൾ തുറന്നുകൊടുക്കുമായിരുന്നു. പക്ഷെ അവർ നിഷേധിച്ചു തള്ളുകയാണ് ചെയ്തത്. അപ്പോൾ അവർ ചെയ്ത് വെച്ചിരുന്നതിന്റെ ഫലമായി നാം അവരെ പിടികൂടി.' (അഅ്റാഫ്: 96)

(وَمَنْ يَتَّقِ اللَّهَ يَجْعَلْ لَهُ مَخْرَجًا(2)وَيَرْزُقْهُ مِنْ حَيْثُ لَا يَحْتَسِبُ) (الطلاق:2-3)
'അല്ലാഹുവെ വല്ലവനും സൂക്ഷിക്കുന്ന പക്ഷം അല്ലാഹു അവന്നൊരു പോം വഴി ഉണ്ടാക്കികൊടു ക്കുകയും, അവൻ കണക്കാക്കാത്ത വിധത്തിൽ അവന്ന് ഉപജീവനം നൽകുകയും ചെയ്യുന്നതാണ്.'(ത്വലാഖ്:2,3)

3- ജീവിതത്തിൽ തൗഫീഖ് ലഭിക്കും:

(يَاأَيُّهَا الَّذِينَ آمَنُوا إِنْ تَتَّقُوا اللَّهَ يَجْعَلْ لَكُمْ فُرْقَانًا وَيُكَفِّرْ عَنكُمْ سَيِّئَاتِكُمْ وَيَغْفِرْ لَكُمْ وَاللَّهُ ذُو الْفَضْلِ الْعَظِيمِ) (الأنفال: 29 )
'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിച്ച് ജീവിക്കുകയാണെങ്കിൽ നിങ്ങൾക്ക് സത്യവും അസത്യവും വിവേചിക്കുവാനുള്ള കഴിവ് അവനുണ്ടാക്കിത്തരികയും, അവൻ നിങ്ങളുടെ തിൻമകൾ മാ

യ്ച്ചു കളയുകയും, നിങ്ങൾക്ക് പൊറുത്തുതരികയും ചെയ്യുന്നതാണ്. അല്ലാഹു മഹത്തായ അനുഗ്രഹമുള്ളവനാകുന്നു.' (അൻഫാൽ: 29)

(يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَآمِنُوا بِرَسُولِهِ يُؤْتِكُمْ كِفْلَيْنِ مِنْ رَحْمَتِهِ وَيَجْعَلْ لَكُمْ نُورًا تَمْشُونَ بِهِ وَيَغْفِرْ لَكُمْ وَاللَّهُ غَفُورٌ رَحِيمٌ) (الحديد)

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുകയും അവന്റെ ദൂതനിൽ വിശ്വസിക്കുകയും ചെയ്യുക. എന്നാൽ അവന്റെ കാരുണ്യത്തിൽ നിന്നു രണ്ട് ഓഹരി അവൻ നിങ്ങൾക്കു നൽകുന്നതാണ്. ഒരു പ്രകാശം അവൻ നിങ്ങൾക്ക് ഏർപെടുത്തിത്തരികയും ചെയ്യും. അതുകൊണ്ട് നിങ്ങൾക്ക്(ശരിയായ പാതയിലൂടെ)നടന്നു പോകാം.നിങ്ങൾക്കവൻ പൊറുത്തുതരികയും ചെയ്യും. അല്ലാഹു വളരെയധികം പൊറുക്കുന്നവനും കരുണാനിധിയുമാണ്.' (ഹദീദ്: 28)

4- വിലായത്ത് ലഭിക്കും:

(إِنْ أَوْلِيَاؤُهُ إِلَّا الْمُتَّقُونَ) (الأنفال:34)

'ഭയഭക്തിയുള്ളവരല്ലാതെ അതിന്റെ രക്ഷാധികാരികളാകാവുന്നതല്ല' (അൻഫാൽ: 34).

(أَلَا إِنَّ أَوْلِيَاءَ اللَّهِ لَا خَوْفٌ عَلَيْهِمْ وَلَا هُمْ يَحْزَنُونَ(62) الَّذِينَ آمَنُوا وَكَانُوا يَتَّقُونَ) (يونس: 63 )

'ശ്രദ്ധിക്കുക: തീർച്ചയായും അല്ലാഹുവിന്റെ മിത്രങ്ങളാരോ അവർക്ക് യാതൊരു ഭയവുമില്ല. അവർ ദുഃഖിക്കേണ്ടി വരികയുമില്ല. വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ ' (യൂനുസ്: 62, 63)

5- ശത്രുക്കളുടെ കുതന്ത്രങ്ങളിൽ നിന്ന് രക്ഷ:

(وَإِنْ تَصْبِرُوا وَتَتَّقُوا لَا يَضُرُّكُمْ كَيْدُهُمْ شَيْئًا) (آل عمران:120)

'നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്ന പക്ഷം അവരുടെ കുതന്ത്രം നിങ്ങൾക്കൊരു ഉപദ്രവവും വരുത്തുകയില്ല.' (ആലു ഇംറാൻ: 120)

6- വിജ്ഞാനം ലഭിക്കും:

وَاتَّقُوا اللَّهَ وَيُعَلِّمُكُمُ اللَّهُ وَاللَّهُ بِكُلِّ شَيْءٍ عَلِيمٌ) (البقرة:282)

'നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കുക. അല്ലാഹു നിങ്ങൾക്ക് പഠിപ്പിച്ചു തരികയാകുന്നു. അല്ലാഹു ഏത് കാര്യത്തെപ്പറ്റിയും അറിവുള്ളവനാകുന്നു.' (അൽബഖറ: 282)

7- അല്ലാഹുവിന്റെ റഹ്മത്ത് ലഭിക്കും:

(وَرَحْمَتِي وَسِعَتْ كُلَّ شَيْءٍ فَسَأَكْتُبُهَا لِلَّذِينَ يَتَّقُونَ وَيُؤْتُونَ الزَّكَاةَ وَالَّذِينَ هُمْ بِآيَاتِنَا يُؤْمِنُونَ) (الأعراف: 156)

‘അവൻ(അല്ലാഹു) പറഞ്ഞു: എന്റെ ശിക്ഷ ഞാൻ ഉദ്ദേശിക്കുന്നവർക്ക് ഏൽപിക്കുന്നതാണ്.എന്റെ കാരുണ്യമാകട്ടെ സർവ്വ വസ്തുക്കളെയും ഉൾകൊള്ളുന്നതായിരിക്കും. എന്നാൽ ധർമ്മനിഷ്ഠ പാലിക്കുകയും, സകാത്ത് നൽകുകയും,നമ്മുടെ ദൃഷ്ടാന്തങ്ങളിൽ വിശ്വസിക്കുകയും ചെയ്യുന്നവരായ ആളുകൾക്ക് (പ്രത്യേകമായി)ഞാൻ അത് രേഖപ്പെടുത്തുന്നതാണ്.’ (അഅ്റാഫ്: 156)

8- സമാധാനവും സന്തോഷ വാർത്തയും:

الَّذِينَ آمَنُوا وَكَانُوا يَتَّقُونَ * لَهُمُ الْبُشْرَى فِي الْحَيَاةِ الدُّنْيَا وَفِي الْآخِرَةِ لَا تَبْدِيلَ لِكَلِمَاتِ اللَّهِ ذَلِكَ هُوَ الْفَوْزُ الْعَظِيمُ) (يونس:63-64)

‘വിശ്വസിക്കുകയും സൂക്ഷ്മത പാലിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നവരത്രെ അവർ. അവർക്കാണ് ഐഹികജീവിതത്തിലും പരലോകത്തും സന്തോഷവാർത്തയുള്ളത്. അല്ലാഹുവിന്റെ വചനങ്ങൾക്ക് യാതൊരു മാറ്റവുമില്ല. അതു (സന്തോഷവാർത്ത) തന്നെയാണ് മഹത്തായ ഭാഗ്യം’ (യൂനുസ്:63, 64).

9- ശിക്ഷയിൽ നിന്ന് രക്ഷ:

(يَاأَيُّهَا النَّاسُ إِنَّا خَلَقْنَاكُمْ مِنْ ذَكَرٍ وَأُنْثَى وَجَعَلْنَاكُمْ شُعُوبًا وَقَبَائِلَ لِتَعَارَفُوا إِنَّ أَكْرَمَكُمْ عِنْدَ اللَّهِ أَتْقَاكُمْ إِنَّ اللَّهَ عَلِيمٌ خَبِيرٌ)

‘ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽ നിന്നും ഒരു പെണ്ണിൽ നിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമ്മനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവ്വജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു’ (ഹുജുറാത്ത്: 13).

(وَمَنْ يُطِعِ اللَّهَ وَرَسُولَهُ وَيَخْشَ اللَّهَ وَيَتَّقْهِ فَأُولَئِكَ هُمُ الْفَائِزُونَ) (النور: 52 )

‘അല്ലാഹുവെയും റസൂലിനെയും അനുസരിക്കുകയും, അല്ലാഹുവെ ഭയപ്പെടുകയും അവനോട് സൂക്ഷ്മത പുലർത്തുകയും ചെയ്യുന്നവരാരോ അവർ തന്നെയാണ് വിജയം നേടിയവർ’ (നൂർ: 52).

(وَإِنْ مِنْكُمْ إِلَّا وَارِدُهَا كَانَ عَلَى رَبِّكَ حَتْمًا مَقْضِيًّا(71)ثُمَّ نُنَجِّي الَّذِينَ اتَّقَوْا وَنَذَرُ الظَّالِمِينَ فِيهَا جِثِيًّا) (مريم: 72 )

'അതിനടുത്ത് (നരകത്തിനടുത്ത്) വരാത്തവരായി നിങ്ങളിൽ ആരും തന്നെയില്ല. നിന്റെ രക്ഷിതാവിന്റെ ഖണ്ഡിതവും നടപ്പിലാക്കപ്പെടുന്നതുമായ ഒരു തീരുമാനമാകുന്നു അത്. പിന്നീട് ധർമ്മനിഷ്ഠ പാലിച്ചവരെ നാം രക്ഷപ്പെടുത്തുകയും,അക്രമികളെ മുട്ടുകുത്തിയവരായിക്കൊണ്ട് നാം അതിൽ വിട്ടേക്കുകയും ചെയ്യുന്നതാണ്.' (മർയം: 71,72)

10- സ്വർഗം മുത്തഖീങ്ങൾക്ക്:

(وَاتْلُ عَلَيْهِمْ نَبَأَ ابْنَيْ آدَمَ بِالْحَقِّ إِذْ قَرَّبَا قُرْبَانًا فَتُقُبِّلَ مِنْ أَحَدِهِمَا وَلَمْ يُتَقَبَّلْ مِنَ الْآخَرِ قَالَ لَأَقْتُلَنَّكَ قَالَ إِنَّمَا يَتَقَبَّلُ اللَّهُ مِنَ الْمُتَّقِينَ) (المائدة: 27)

'(നബിയേ,) നീ അവർക്ക് ആദമിന്റെ രണ്ടുപുത്രൻമാരുടെ വൃത്താന്തം സത്യപ്രകാരം പറഞ്ഞു കേൾപിക്കുക: അവർ ഇരുവരും ഓരോ ബലിയർപ്പിച്ച സന്ദർഭം, ഒരാളിൽ നിന്ന് ബലി സ്വീകരിക്കപ്പെട്ടു. മറ്റവനിൽ നിന്ന് സ്വീകരിക്കപ്പെട്ടില്ല. മറ്റവൻ പറഞ്ഞു: ഞാൻ നിന്നെ കൊലപ്പെടുത്തുക തന്നെ ചെയ്യും. അവൻ (ബലിസ്വീകരിക്കപ്പെട്ടവൻ) പറഞ്ഞു: ധർമ്മനിഷ്ഠയുള്ളവരിൽ നിന്നു മാത്രമേ അല്ലാഹു സ്വീകരിക്കുകയുള്ളൂ' (മാഇദ: 27)

(تِلْكَ الْجَنَّةُ الَّتِي نُورِثُ مِنْ عِبَادِنَا مَنْ كَانَ تَقِيًّا) (مريم: 63)

'നമ്മുടെ ദാസൻമാരിൽ നിന്ന് ആർ ധർമ്മനിഷ്ഠ പുലർത്തുന്നവരായിരുന്നുവോ അവർക്കു നാം അവകാശപ്പെടുത്തികൊടുക്കുന്ന സ്വർഗമത്രെ അത്. (മർയം: 63)

(لَكِنِ الَّذِينَ اتَّقَوْا رَبَّهُمْ لَهُمْ غُرَفٌ مِنْ فَوْقِهَا غُرَفٌ مَبْنِيَّةٌ تَجْرِي مِنْ تَحْتِهَا الْأَنْهَارُ وَعْدَ اللَّهِ لَا يُخْلِفُ اللَّهُ الْمِيعَادَ) (الزمر: 20)

'പക്ഷെ, തങ്ങളുടെ രക്ഷിതാവിനെ സൂക്ഷിച്ച് ജീവിച്ചവരാരോ അവർക്കാണ് മേൽക്കുമേൽ തട്ടുകളായി നിർമിക്കപ്പെട്ടിട്ടുള്ള മണിമേടകളുള്ളത്. അവയുടെ താഴ്ഭാഗത്തു കൂടി അരുവികൾ ഒഴുകികൊണ്ടിരിക്കുന്നു. അല്ലാഹുവിന്റെ വാഗ്ദാനമത്രെ അത്. അല്ലാഹു വാഗ്ദാനം ലംഘിക്കുകയില്ല' (സുമർ: 20).

( وَسَارِعُوا إِلَى مَغْفِرَةٍ مِنْ رَبِّكُمْ وَجَنَّةٍ عَرْضُهَا السَّمَوَاتُ وَالْأَرْضُ أُعِدَّتْ لِلْمُتَّقِينَ) (آل عمران:133)

‘നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർമ്മനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കി വെക്കപ്പെട്ടതത്രെ അത്’ (ആലുഇംറാൻ: 133).

ജീവിതത്തിന്റെ മുഴുവൻ മേഖലകളിലും തഖ്‌വ ആവശ്യമാണ്, ആരാധനകളിലും, ക്രയവിക്രയങ്ങളിലും, വസ്ത്രത്തിലും, പെരുമാറ്റങ്ങളിലും, സ്വഭാവങ്ങളിലും എന്നു വേണ്ട മുഴുവൻമേഖലകളിലും ഈ സ്വഭാവം നമ്മൾ പകർത്തേണ്ടതുണ്ട്.

**മുത്തഖീങ്ങളുടെ സ്വഭാവങ്ങൾ:**

മുത്തഖീങ്ങളുടെ സ്വഭാവങ്ങൾ എന്തായിരിക്കുമെന്ന് ഖുർആൻ നമുക്ക് പറഞ്ഞ് തരുന്നുണ്ട്, ഈ സ്വഭാവങ്ങൾ ആരിലെല്ലാം ഉണ്ടോ അവർക്ക് തഖ്‌വയുണ്ടെന്ന് മനസിലാക്കാം, അല്ലാത്തവർ ആ സ്വഭാവങ്ങൾ ജീവിതത്തിൽ പകർത്തുവാൻ ശ്രമിക്കുകയും ചെയ്യേണ്ടതുണ്ട്.

1- അദൃശ്യങ്ങളിൽ വിശ്വസിക്കുന്നവരാണ്:

(ذَلِكَ الْكِتَابُ لَا رَيْبَ فِيهِ هُدًى لِلْمُتَّقِينَ(2)الَّذِينَ يُؤْمِنُونَ بِالْغَيْبِ وَيُقِيمُونَ الصَّلَاةَ وَمِمَّا رَزَقْنَاهُمْ يُنفِقُونَ(3)وَالَّذِينَ يُؤْمِنُونَ بِمَا أُنْزِلَ إِلَيْكَ وَمَا أُنْزِلَ مِنْ قَبْلِكَ وَبِالْآخِرَةِ هُمْ يُوقِنُونَ(4)أُولَئِكَ عَلَى هُدًى مِنْ رَبِّهِمْ وَأُولَئِكَ هُمُ الْمُفْلِحُونَ) (البقرة:2-5)

‘ഇതാകുന്നു ഗ്രന്ഥം. അതിൽ സംശയമേയില്ല. സൂക്ഷ്മത പാലിക്കുന്നവർക്ക് നേർവഴി കാണിക്കുന്നതത്രെ അത്. അദൃശ്യകാര്യങ്ങളിൽ വിശ്വസിക്കുകയും, പ്രാർത്ഥന അഥവാ നമസ്കാരം മുറപ്രകാരം നിർവഹിക്കുകയും, നാം നൽകിയ സമ്പത്തിൽ നിന്ന് ചെലവഴിക്കുകയും, നിനക്കും നിന്റെ മുൻഗാമികൾക്കും നൽകപ്പെട്ട സന്ദേശത്തിൽ വിശ്വസിക്കുകയും, പരലോകത്തിൽ ദൃഢമായി വിശ്വസിക്കുകയും ചെയ്യുന്നവരത്രെ അവർ (സൂക്ഷ്മത പാലിക്കുന്നവർ). അവരുടെ നാഥൻ കാണിച്ച നേർവഴിയിലാകുന്നു അവർ. അവർ തന്നെയാകുന്നു സാക്ഷാൽ വിജയികൾ.’ (അൽബഖറ: 2-5)

2- അല്ലാഹുവിന്റെ മാർഗത്തിൽ ചിലവഴിക്കുന്നവർ:

(وَسَارِعُوا إِلَى مَغْفِرَةٍ مِنْ رَبِّكُمْ وَجَنَّةٍ عَرْضُهَا السَّمَاوَاتُ وَالْأَرْضُ أُعِدَّتْ لِلْمُتَّقِينَ(133)الَّذِينَ يُنْفِقُونَ فِي السَّرَّاءِ وَالضَّرَّاءِ وَالْكَاظِمِينَ الْغَيْظَ وَالْعَافِينَ عَنِ النَّاسِ وَاللَّهُ يُحِبُّ الْمُحْسِنِينَ(134)وَالَّذِينَ إِذَا فَعَلُوا فَاحِشَةً أَوْ ظَلَمُوا أَنْفُسَهُمْ ذَكَرُوا اللَّهَ فَاسْتَغْفَرُوا لِذُنُوبِهِمْ وَمَنْ يَغْفِرُ الذُّنُوبَ إِلَّا اللَّهُ وَلَمْ يُصِرُّوا عَلَى مَا فَعَلُوا وَهُمْ يَعْلَمُونَ) (آل عمران: 135)

‘നിങ്ങളുടെ രക്ഷിതാവിങ്കല്‍ നിന്നുള്ള പാപമോചനവും, ആകാശഭൂമികളോളം വിശാലമായ സ്വര്‍ഗവും നേടിയെടുക്കാന്‍ നിങ്ങള്‍ ധൃതിപ്പെട്ട് മുന്നേറുക. ധര്‍മ്മനിഷ്ഠ പാലിക്കുന്നവര്‍ക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്.(അതായത്) സന്തോഷാവസ്ഥയിലും വിഷമാവസ്ഥയി ലും ദാനധര്‍മ്മങ്ങള്‍ ചെയ്യുകയും, കോപം ഒതുക്കിവെക്കുകയും, മനുഷ്യര്‍ക്ക് മാപ്പുനല്‍കുകയും ചെയ്യുന്നവര്‍ക്ക് വേണ്ടി. (അത്തരം) സല്‍കര്‍മ്മകാരികളെ അല്ലാഹു സ്നേഹിക്കുന്നു. വല്ല നീചകൃത്യവും ചെയ്തുപോയാല്‍, അഥവാ സ്വന്തത്തോട് തന്നെ വല്ല ദ്രോഹവും ചെയ്തു പോയാല്‍ അല്ലാഹുവെ ഓര്‍ക്കുകയും തങ്ങളുടെ പാപങ്ങള്‍ക്ക് മാപ്പുതേടുകയും ചെയ്യുന്നവര്‍ക്ക് വേണ്ടി.-പാപങ്ങള്‍ പൊറുക്കുവാന്‍ അല്ലാഹുവല്ലാതെ ആരാണുള്ളത്?- ചെയ്തുപോയ (ദുഷ്) പ്രവൃത്തിയില്‍ അറിഞ്ഞുകൊണ്ട് ഉറച്ചുനില്‍ക്കാത്തവരുമാകുന്നു അവര്‍’ (ആലു ഇംറാന്‍: 133-135).

3- നല്ലത് സംസാരിക്കുന്നവര്‍:

(يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ وَقُولُوا قَوْلًا سَدِيدًا(70)يُصْلِحْ لَكُمْ أَعْمَالَكُمْ وَيَغْفِرْ لَكُمْ ذُنُوبَكُمْ وَمَنْ يُطِعْ اللَّهَ وَرَسُولَهُ فَقَدْ فَازَ فَوْزًا عَظِيمًا) (الأحزاب: 71 )

‘സത്യവിശ്വാസികളേ, നിങ്ങള്‍ അല്ലാഹുവെ സൂക്ഷിക്കുകയും, ശരിയായ വാക്ക് പറയുകയും ചെയ്യുക. എങ്കില്‍ അവന്‍ നിങ്ങള്‍ക്ക് നിങ്ങളുടെ കര്‍മ്മങ്ങള്‍ നന്നാക്കിത്തരികയും, നിങ്ങളുടെ പാപങ്ങള്‍ അവന്‍ പൊറുത്തുതരികയും ചെയ്യും. അല്ലാഹുവെയും അവന്‍റെ ദൂതനെയും ആര്‍ അനുസരിക്കുന്നുവോ അവന്‍ മഹത്തായ വിജയം നേടിയിരിക്കുന്നു’ (അഹ്സാബ്: 70, 71)

ഇനിയും ഖുര്‍ആനില്‍ ഒരുപാട് സ്വഭാവങ്ങള്‍ നമുക്ക് കണ്ടെത്തുവാന്‍ സാധിക്കും, അതെല്ലാം പരമാവധി ജീവിതത്തില്‍ പകര്‍ത്തുവാന്‍ ശ്രമിക്കുകയും, അതിന് വേണ്ടി ജീവിക്കുകയും, അത് തന്‍റെ വസ്ത്രമായി സ്വീകരിക്കുകയും, മുസ്ലിമായി മരിക്കുകയും ചെയ്യുക. അല്ലാഹു പറയുന്നു:

(وَلِبَاسُ التَّقْوَى ذَلِكَ خَيْرٌ ذَلِكَ مِنْ آيَاتِ اللَّهِ لَعَلَّهُمْ يَذَّكَّرُونَ) (الأعراف: 26)

‘ധര്‍മ്മനിഷ്ഠയാകുന്ന വസ്ത്രമാകട്ടെ അതാണു കൂടുതല്‍ ഉത്തമം.അവര്‍ ശ്രദ്ധിച്ച് മനസ്സിലാക്കാന്‍ വേണ്ടി അല്ലാഹു അവതരിപ്പിക്കുന്ന തെളിവുകളില്‍ പെട്ടതത്രെ അത്’ (അഅ്റാഫ്: 26).

**മുസ്ലിമായി മരിക്കുക:**

(يَاأَيُّهَا الَّذِينَ آمَنُوا اتَّقُوا اللَّهَ حَقَّ تُقَاتِهِ وَلَا تَمُوتُنَّ إِلَّا وَأَنْتُمْ مُسْلِمُونَ) (آل عمران:102)

'സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവെ സൂക്ഷിക്കേണ്ട മുറപ്രകാരം സൂക്ഷിക്കുക. നിങ്ങൾ മുസ്ലിംകളായിക്കൊണ്ടല്ലാതെ മരിക്കാനിടയാകരുത്' (ആലു ഇംറാൻ: 102).

************